# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.471

### 29-05-2019 ൽ മറുപടിക്ക്

### കിഫ്ബിയുടെ മസാലബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാലബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ ഏതു കോടതിയിലാണ് തീർപ്പുകല്പിക്കപ്പെടുക; വിശദാംശങ്ങൾ നൽകാമോ; | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഇംഗ്ലീഷ് കോടതികളുടെ അധികാരപരിധിയിലാണ് വരുന്നത്. ഇതിനുമുന്നെ എൻ.എച്ച്.എ.ഐ, എൻ.ടി.പി.സി എന്നീ കേന്ദ്ര സ്ഥാപനങ്ങൾ ഇതേ കോടതികളുടെ അധികാരപരിധിയിൽ നിന്നാണ് ബോണ്ടുകൾ ഇഷ്യൂ ചെയ്തത്. |
| (ബി) ഏതു നിയമ കമ്പനിയെയാണ് മസാലബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | മസാല ബോണ്ട് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുവാൻ നിലവിൽ ഒരു നിയമ കമ്പനിയെയും ചുമതലപ്പെടുത്തിയിട്ടില്ല. അങ്ങനെ ഒരു സാഹചര്യം ഉണ്ടാകുന്ന പക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

ജോയിന്റ് സെക്രട്ടറി